**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 34** **08-08-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സർക്കാർ സൈബർ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് സർക്കാർ സൈബർ പാർക്ക് വികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; പാർക്ക് വികസനത്തിനായി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | കോഴിക്കോട് സൈബർപാർക്കിന്റെ വികസനവുമായി ബന്ധപ്പെട്ടിട്ടുള്ള ചുറ്റമതിൽ, റോഡ് വികസനം, പ്രവേശന കവാടം, റിക്രിയേഷൻ ഫെസിലിറ്റി (ഫുട്ബോൾ മൈതാനം, ടെന്നീസ് കോർട്ട് മുതലായവ), വാഹന പാർക്കിംഗ് സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ എന്നിവ കെ.എസ്.ഐ.ടി.ഐ.എൽ ന്റെ മേൽനോട്ടത്തിൽ പുരോഗമിച്ച് വരുന്നു. സൈബർപാർക്കിന്റെ 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള രണ്ടാമത്തെ ഐ.ടി കെട്ടിടസമുച്ചയം 184 കോടി രൂപ മുടക്കി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.<br><br>സൈബർപാർക്ക് വികസനത്തിനായി നിലവിൽ അധിക ഭൂമി ഏറ്റെടുത്തിട്ടില്ല. |
| (ബി) | കോഴിക്കോട് സൈബർ പാർക്ക് വികസനത്തോടൊപ്പം ഗ്രാമീണ മേഖലയിൽ ഐ.റ്റി. വികസനത്തിനായി ഫോസ്റ്റേറ (ഫോസ്റ്ററിംഗ് ടെക്നോളജീസ് ഇൻ റൂറൽ ഏരിയ) എന്ന പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഗ്രാമീണമേഖലയിൽ ഐ.ടി വികസനവുമായി ബന്ധപ്പെട്ട് ഫോസ്റ്റേറ (ഫോസ്റ്ററിംഗ് ടെക്നോളജീസ് ഇൻ റൂറൽ ഏരിയ) എന്ന പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ചെലവ് കുറഞ്ഞ രീതിയിൽ ഐടി/ ഐടിഇഎസ്/ ബിപിഒ സംരംഭങ്ങൾ സ്ഥാപിക്കുവാനും തദ്വാരാ ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും ഉദ്ദേശിച്ച് വിഭാവനം ചെയ്യതാണ് ഫോസ്റ്റേറ പദ്ധതി. ഈ പദ്ധതിയുടെ ആനുകൂല്യം കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിക്കുന്ന സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം, സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള മുതൽമുടക്കിന്റെയും പ്രവർത്തനച്ചെലവിന്റെയും അൻപത് ശതമാനം വരെ വ്യവസ്ഥകൾക്ക് വിധേയമായി അർഹരായ കമ്പനികൾക്ക് സർക്കാർ ഇൻസെന്റീവായി ധനസഹായം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ, 50% സ്ത്രീ തൊഴിലാളികളുള്ള യൂണിറ്റുകൾക്ക് 5 ശതമാനവും 100% സ്ത്രീ തൊഴിലാളികളുള്ള യൂണിറ്റുകൾക്ക് 10ശതമാനവും ഭിന്നശേഷി തൊഴിലാളികൾ 4% ഉള്ള യൂണിറ്റുകൾക്ക് 2ശതമാനവും ട്രാൻസ്ജെന്റർ തൊഴിലാളികളുള്ള യൂണിറ്റുകൾക്ക് 0.5 ശതമാനവും കൂടാതെ ലക്ഷ്യമിട്ട തൊഴിലവസരങ്ങളുടെ 2 മടങ്ങ് അധികം സൃഷ്ടിക്കുന്ന യൂണിറ്റുകൾക്ക് 5 ശതമാനവും 3 മടങ്ങ് അധികം സൃഷ്ടിക്കുന്ന യൂണിറ്റുകൾക്ക് 7.5 ശതമാനവും 4 മടങ്ങ് അധികം സൃഷ്ടിക്കുന്ന യൂണിറ്റുകൾക്ക് 10 ശതമാനവും സ്പെഷ്യൽ ഇൻസന്റീവായി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ